ഉത്തരം

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം 354 കുളങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള ഭരണാനുമതിയാണ് നൽകിയത്.

(ബി) ഇതിൽ കായംകുളം മണ്ഡലത്തിലെ കുളങ്ങൾ ഉൾപ്പെട്ടിട്ടില്ല.

**കുളം നവീകരണ പദ്ധതി**

**121 (2330)** ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിക്കും മറ്റ് പൊതുആവശ്യങ്ങൾക്കും ഉപയോഗിക്കുന്നതിനായി ആരംഭിച്ച കുളംനവീകരണ പദ്ധതിയിൽ കോങ്ങാട് മണ്ഡലത്തിൽ എത്ര കുളങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകി എന്ന് വ്യക്തമാക്കുമോ ;

(ബി) ഒരു കുളത്തിനു പോലും നവീകരണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടില്ലെങ്കിൽ നവീകരണ പ്രവർത്തനങ്ങൾക്ക് അനുമതി നല്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ആർ.ആർ.ആർ. പദ്ധതിയിൽ ഉൾപ്പെടുത്തി കോങ്ങാട്നിയോജക മണ്ഡലത്തിൽ 6 കുളങ്ങളുടെ നവീകരണത്തിന് അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 4 എണ്ണം പൂർത്തിയാക്കി. സ്ഥല തർക്കംമൂലം ബാക്കി 2 കുളങ്ങളുടെ നവീകരണ പ്രവൃത്തികൾ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

(ബി) ബാധകമല്ല.

**ദേശീയ ജലപാതയുടെ നിർമ്മാണം**

**122 (2331)** ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദേശീയ ജലപാത യാഥാർത്ഥ്യമാക്കാൻ എന്തെല്ലാം കർമ്മപരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജലപാതയുടെ തീരത്തുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ ;

(സി) മിഷൻ 676-ൽ ഇതിനായി എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ജലപാതയാണ് ദേശീയ ജലപാത നമ്പർ-3 ആയി അംഗീകരിച്ച് പ്രവൃത്തികൾ നടത്തിവരുന്നത്. ഈ പണിയുടെ മേൽനോട്ടം വഹിക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ 'ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ' (IWAI) ആണ്. ഇതിന് 168 കി.മീ ദൈർഘ്യം ഉണ്ട്. കൂടാതെ ചമ്പക്കരകനാൽ (14 കി.മീ), ഉദ്യോഗമണ്ഡൽ കനാൽ (23 കി.മീ) ഇവയുൾപ്പെടെ ആകെ 205 കി.മീ ദൈർഘ്യമാണ് ഇതിനുള്ളത്.

ദേശീയജലപാത നിർമ്മാണപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും സ്വീകരിക്കേണ്ട നടപടികൾ IWAI അധികൃതർ ആവശ്യപ്പെടുന്ന പ്രകാരം സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നു. നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി ദേശീയജലപാതയുടെ ആഴം കൂട്ടൽ പണികൾ നടത്തുമ്പോൾ ലഭ്യമാകുന്ന മണ്ണ്, ചെളി, മറ്റ് മാലിന്യങ്ങൾ എന്നിവ നിക്ഷേപിക്കുവാൻ മതിയായ സ്ഥലങ്ങൾ ലഭ്യമല്ലാതെ വരുന്ന സാഹചര്യങ്ങളിൽ, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ, റവന്യൂ അധികാരികൾ, ജില്ലാ കളക്ടർമാർ എന്നിവരുടെ സഹായത്തോടെ ആയതിന് സ്ഥലം കണ്ടെത്തി നൽകാറുണ്ട്. ജലപാതയിൽ മാർഗ്ഗതടസ്സമായി സ്ഥാപിക്കപ്പെട്ട ചീന വലകൾ ഊന്നിവലകൾ എന്നിവ നഷ്ടപരിഹാരം നൽകി നീക്കം ചെയ്യുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ ഈ പദ്ധതിയുടെ ഭാഗമായുള്ള പണികൾ IWAI -ക്ക് നടത്തുവാൻ വിഘാതമായി നിൽക്കുന്ന ക്രമസമാധാന പ്രശ്നങ്ങൾക്ക് സംസ്ഥാന സർക്കാർ ഇടപെട്ട് പരിഹാരം കണ്ടെത്താറുണ്ട്. കായംകുളം കായലിൽ 2 കി. മീറ്ററും ആലപ്പുഴ സീറോ ജെട്ടി ഭാഗത്ത് 400 മീറ്ററും പണി പൂർത്തിയാക്കിയാൽ ഈ പാതയിലാകെ 2 വരി ഗതാഗതം സാദ്ധ്യമാകും. പൂർത്തിയാകാത്ത ഭാഗത്ത് ഇപ്പോൾ ഒറ്റവരി ഗതാഗതം സാദ്ധ്യമാണ്.

(ബി) ജലപാത സഞ്ചാരയോഗ്യമാകുന്ന മുറയ്ക്ക് ബോട്ട് ജെട്ടി ടെർമിനൽ, ലാന്റിംഗ് സെന്റർ എന്നിവ നിർമ്മിക്കേണ്ടതായിട്ടുണ്ട്. ഇവ കൂടാതെ നിലവിലുള്ള നിയമങ്ങൾക്ക് അനുസൃതമായാണ് ജലപാതയുടെ തീരത്തുള്ള നിർമ്മാണപ്രവർത്തനങ്ങൾ നടത്തേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മിഷൻ 676-ൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ചെയ്യേണ്ട എല്ലാവിധ നടപടികളും സ്വീകരിച്ച് ഈ പദ്ധതി നടപ്പാക്കുന്ന IWAI വഴി എത്രയും വേഗം പണി പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

**കരിമല അംബേദ്കർ കുടിവെള്ള പദ്ധതി**

**123 (2332)** ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട കരിമല അംബേദ്കർ കുടിവെള്ള പദ്ധതിക്ക് അനുമതി ലഭിച്ചിട്ടും പണി തുടങ്ങാൻ താമസിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) കുടിവെള്ള ലഭ്യത ഇല്ലാത്ത ഈ പ്രദേശത്ത് പ്രസ്തുത കുടിവെള്ള പദ്ധതി ഉടനടി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ; എന്നത്തേക്ക് ഈ പദ്ധതി പൂർത്തിയാക്കാനാകും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കരിമല അംബേദ്കർ കുടിവെള്ള പദ്ധതിയിൽ കുളനട ഗ്രാമപഞ്ചായത്തിലെ വാർഡ് 2 ആയ കരിമല അംബേദ്കർ കോളനിയിലേക്കുള്ള പൈപ്പ് നീട്ടൽ പണിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

കുളനട പഞ്ചായത്തിലെ 2-ാം ഘട്ട കുടിവെള്ള പദ്ധതിയിൽ കരിമല കോളനിയുടെ ചില പ്രദേശങ്ങളും ഉൾപ്പെടുത്തിയിരുന്നതിനാൽ മേൽ പദ്ധതി പൂർത്തീകരിച്ചതിനുശേഷം അവശേഷിക്കുന്ന ഭാഗം ഉൾപ്പെടുത്തി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വന്നതിലുള്ള കാലതാമസമാണ് പണി തുടങ്ങാൻ താമസിക്കുന്നതിന്റെ കാരണം.

(ബി) ഈ പദ്ധതി 4 മാസത്തിനകം പൂർത്തിയാക്കുന്നതിനുള്ള നടപടി വാട്ടർ അതോറിറ്റി സ്വീകരിച്ചുവരികയാണ്.

**മീനാട് ശുദ്ധജലപദ്ധതി**

**124 (2333)** ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മീനാട് ശുദ്ധജലപദ്ധതി (ജപ്പാൻ കുടിവെള്ള പദ്ധതി) പ്രകാരം എത്ര കിലോമീറ്റർ ദൂരത്തിലാണ് വിതരണ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി തീരുമാനിച്ചിരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly